LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞ വിലയ്ക്കുള്ള മരുന്നു നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ നടപടി

99 [3150] ഡോ. തോമസ് ഐസക്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
" കെ. രാധാകൃഷ്ണൻ:
" വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് താങ്ങാൻ കഴിയുന്ന വിധത്തിൽ കുറഞ്ഞ വിലയ്ക്കുള്ള മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ ആരോഗ്യവകുപ്പിന്റെ കീഴിൽ മരുന്നു നിർമ്മാണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാം മരുന്നുകളാണ് നിർമ്മിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഒരു വർഷം എത്ര കോടി രൂപയുടെ മരുന്നുകളാണ് വാങ്ങുന്നത്; ഇതിൽ എന്തു തുകയുടെ മരുന്നുകളാണ് ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സപ്ലൈ ചെയ്യുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) കുറഞ്ഞ വിലയ്ക്കുള്ള മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ കൂടുതൽ മരുന്നു നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ചികിത്സക്കായി എത്തുന്ന പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി മരുന്നുകൾ നൽകുന്നുണ്ട്. കുറഞ്ഞ വിലയ്ക്കുള്ള മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ നിർമ്മാണ യൂണിറ്റുകൾ തുടങ്ങാൻ ആലോചിച്ചിട്ടില്ല.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) റേറ്റ് കോൺട്രാക്റ്റ് പ്രകാരം കുറഞ്ഞ വിലയ്ക്കുള്ള മരുന്നുകൾ ഇപ്പോൾതന്നെ ലഭ്യമാക്കുന്നുണ്ട്. കുറഞ്ഞ വിലയ്ക്കുള്ള മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ നിർമ്മാണ യൂണിറ്റുകൾ തുടങ്ങാൻ ആലോചിച്ചിട്ടില്ല.

തിരുവനന്തപുരം പബ്ളിക് ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

100 [3151] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ളിക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) ഒരു ദിവസം ശരാശരി എത്ര സാമ്പിളുകൾ ഇവിടെ പരിശോധിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) എത്ര സാമ്പിളുകൾ പരിശോധിക്കാൻ ഇവിടെ സൗകര്യമുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു; ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) ടി ലാബിൽ ഡി. എം. എൽ. റ്റി. ക്ളാസ് ഇപ്പോൾ നടക്കുന്നുണ്ടോ; എങ്കിൽ എത്ര പേർക്ക് വർഷംതോറും പരിശീലനം നൽകുന്നുണ്ട്;

(എഫ്) പ്രസ്തുത ക്ളാസിൽ എത്രപേർക്ക് പരിശീലനം നൽകാൻ കഴിയും; ബാക്കി പേർക്ക് പരിശീലനം നൽകാത്തതിലുള്ള കാരണം എന്താണ്;

(ജി) പരിശീലനത്തിനുവേണ്ട ട്യൂട്ടർമാരെയും മറ്റ് ജീവനക്കാരേയും നിയമിച്ചിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ ട്യൂട്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിനുള്ള തടസ്സമെന്താണ്;

(ഐ) ട്യൂട്ടർമാരുടെയും ജീവനക്കാരുടെയും നിയമനം പൂർത്തിയാക്കി പൂർണ്ണതോതിൽ ക്ളാസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രോഗ നിർണ്ണയത്തിന് ചികിൽസയ്ക്ക് ആവശ്യമായ വിവിധ പരിശോധനകൾ ഇവിടെ നടത്തിവരുന്നു. ഹീമെറ്റോളജി, റേഡിയോ ഇമ്മ്യൂണോ അസ്സേസ്സർ, ബയോകെമിസ്ട്രി, സീറോളജി, സൈറ്റോളജി, എന്നീ വിഭാഗങ്ങളിലായി ഏകദേശം 2500 മുതൽ 3000 വരെ പരിശോധനകൾ ദിവസവും ചെയ്യുന്നുണ്ട്. കൂടാതെ രണ്ട് വർഷത്തെ ഡി. എം. എൽ. റ്റി. കോഴ്സ് ഇവിടെ നടത്തിവരുന്നു. കേരള എയിഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ധനസഹായത്തോടെ വോളന്ററി കൗൺസിൽ ഫോർ ടെസ്റ്റിംഗ് സെന്ററും ഇവിടെ പ്രവർത്തിച്ചുവരുന്നു.

(ബി) ഏകദേശം 250-ഓളം രോഗികൾക്കാവശ്യമായ 2500 മുതൽ 3000ത്തോളം സാമ്പിളുകൾ പരിശോധിക്കുന്നു.

(സി) 3000ത്തോളം സാമ്പിളുകൾ.

(ഡി)

മെഡിക്കൽ ഓഫീസർ	. .	1
സയന്റിഫിക് ഓഫീസർ (മൈക്രോ ബയോളജി)	. .	1
സയന്റിഫിക് ഓഫീസർ (ബയോ കെമിസ്ട്രി)	. .	2
സൈറ്റോ പാത്തോളജി ടെക്നീഷ്യൻ	. .	1
ചീഫ് ലാബ് ടെക്നീഷ്യൻ	. .	1

LIBRARY ARCHIVES Kerala Legislative Assembly

ജൂനിയർ ലാബ് അസിസ്റ്റന്റ്	. .	6
ജൂനിയർ സയന്റിഫിക് ഓഫീസർ	. .	1
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1	. .	1
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2	. .	10
സെക്യൂരിറ്റി ഗാർഡ്	. .	1

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്, 15 പേർക്ക്.

(എഫ്) 15 പേർക്ക്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും പരിശീലകരുടെ കുറവും നിമിത്തം.

(ജി) ഇല്ല.

(എച്ച്) വിദ്യാഭ്യാസ യോഗ്യതയും നിയമന രീതിയും സ്ഥിരീകരിച്ചിട്ടില്ലാത്തതിനാൽ.

(ഐ) വിദ്യാഭ്യാസ യോഗ്യതയും നിയമന രീതിയും സ്ഥിരീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയർ യൂണിറ്റ് കെട്ടിട നിർമ്മാണം

101 [3152] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ട്രോമാകെയർ വാർഡുകൾക്കുള്ള കെട്ടിടം പണി പൂർത്തിയായതെന്നാണ്;

(ബി) ഇവിടെ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കാത്തതെന്തുകൊണ്ടാണ്;

(സി) ട്രോമാകെയർ യൂണിറ്റിനുള്ള കെട്ടിടത്തെ പ്രധാന വാർഡുകളുമായി ബന്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) അതു സംബന്ധിച്ച് പണിക്കുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയോ;

(ഇ) ഇതിന്റെ പണി എന്നാരംഭിച്ചു പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ട്രോമാകെയർ വാർഡുകൾക്കുള്ള കെട്ടിടം പണി 10-2-2005-ൽ പൂർത്തിയായി.

(ബി) കെട്ടിടം പണി പൂർത്തിയായെങ്കിലും വിദ്യുച്ഛക്തി കണക്ഷൻ കിട്ടാനുണ്ട്. കൂടാതെ ട്രോമാകെയർ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടിവരുന്ന ജീവനക്കാരെ നിയമിക്കേണ്ടതും അത്യാവശ്യം വേണ്ടിവരുന്ന ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly